റിപ്പോർട്ട്

**മുഹമ്മദ് പാലത്ത്**

# ഇസ്‌ലാമിക് ഫിനാൻസ് കോൺഫറൻസ്

**കോഴിക്കോട്:** ഇസ്‌ലാമിക് ബാങ്കിംഗ് സ്വപ്നങ്ങൾക്ക് പുതുപ്രതീക്ഷ നൽകുന്നതായിരുന്നു ഈയിടെ ഫറൂഖ് റൗദത്തുൽഉലൂം അറബിക് കോളേജിൽ സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര ഇസ്‌ലാമിക് ഫിനാൻസ് കോൺഫറൻസ്. വിദേശ രാജ്യങ്ങളിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖരെയും ഇന്ത്യയിലെ പണ്ഡിതരെയും പങ്കെടുപ്പിച്ച് ഇസ്‌ലാമിക് ബാങ്കിംഗ് രംഗത്തെ സാധ്യതകളും പ്രവർത്തന രീതികളും ചർച്ച ചെയ്ത സമ്മേളനം കേരളത്തിൽ ഇതേവരെ നടന്ന സെമിനാറുകളിൽനിന്ന് വ്യത്യസ്തത പുലർത്തി. കേരള സർക്കാർ ഇസ്‌ലാമിക് ഫിനാൻസ് കമ്പനി തുടങ്ങാൻ തീരുമാനിച്ചപ്പോഴാണ് ഈ പരിപാടി നടന്നത് എന്നതിനാൽ മാധ്യമങ്ങളിലും ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്ക്, സെക്യുറ ഇന്ത്യ റിയൽ എസ്റ്റേറ്റ് ഫണ്ട്, കേരള വ്യവസായ വികസന കോർപറേഷൻ, യൂനിവേഴ്സിറ്റി ഗ്രാന്റ് കമീഷൻ എന്നിവ സംയുക്തമായാണ് സമ്മേളനം സ്പോൺസർ ചെയ്തത്. കേന്ദ്ര റെയിൽവെ സഹമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സംസ്ഥാന വ്യവസായവകുപ്പുമന്ത്രി എളമരം കരീം അധ്യക്ഷനായിരുന്നു. ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിക്കുന്നതിനുള്ള തടസ്സങ്ങളും സാധ്യതകളും വിശദീകരിക്കുന്നതായിരുന്നു ഉദ്ഘാടന പ്രസംഗം. കേരളം ഇസ്‌ലാമിക് ഫിനാൻസ് കമ്പനി രൂപവൽക്കരിക്കാനുണ്ടായ കാരണങ്ങളും സാധ്യതകളും പ്രവർത്തന രീതികളും അധ്യക്ഷൻ എടുത്തുപറഞ്ഞു. തുടർന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി. ബാലകൃഷ്ണൻ, ഇസ്‌ലാമിക് ഫിനാൻസ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദീകരിച്ചു. ഉദ്ഘാടന സെഷനിൽ പി.വി അബ്ദുൽവഹാബ് എം.പി, എച്ച്. അബ്ദുർറഖീബ് (ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസ്, ദൽഹി), പ്രഫ. കെ.എ ജലീൽ,

ഡോ. പി. മുഹമ്മദലി, ഡോ. ആസാദ് മൂപ്പൻ, കെ.വി കുഞ്ഞഹമ്മദ്കോയ, പി. മുഹമ്മദ് കുട്ടശ്ശേരി എന്നിവർ ആശംസയർപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ കൂടിയായ ഡോ. ഹുസൈൻ മടവൂർ സ്വാഗതം പറഞ്ഞു.

സാമ്പത്തിക പ്രതിസന്ധിക്കുശേഷം ലോകം ഇസ്‌ലാമിക് ഫിനാൻസിലാണ് പ്രതീക്ഷയർപ്പിക്കുന്നതെന്ന് ആശംസാപ്രസംഗത്തിൽ എച്ച്. അബ്ദുർറഖീബ് ചൂണ്ടിക്കാട്ടി. നീതിയും തുല്യതയുമാണ് ഇസ്‌ലാമിക് ബാങ്ക് ലക്ഷ്യം വെക്കുന്നതെന്നും ദാരിദ്ര്യനിർമാർജനം അതിന്റെ പ്രതീക്ഷിത ഫലമാണെന്നും അദ്ദേഹം പറഞ്ഞു. ഇസ്‌ലാമിക് ബാങ്കിംഗ് മുസ്‌ലിംകൾക്ക് വേണ്ടി മാത്രമുള്ളതാണെന്ന ധാരണ തിരുത്തണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

വിവിധ സെഷനുകളിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രമുഖർ വിഷയമവതരിപ്പിച്ചു, ചോദ്യങ്ങൾക്ക് മറുപടി നൽകി. ഇസ്‌ലാമിക് ഫിനാൻസിന്റെ അടിസ്ഥാനതത്ത്വങ്ങൾ, സാമ്പത്തിക വളർച്ചയും ഇസ്‌ലാമിക് ഫിനാൻസും, ഇസ്‌ലാമിക് ഫിനാൻസിന്റെ നേട്ടങ്ങൾ, ഇന്ത്യയിൽ ഇസ്‌ലാമിക് ഫിനാൻസിന്റെ സാധ്യതകൾ, ഇസ്‌ലാമിക് മൈക്രോഫിനാൻസ്, വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ എന്നീ തലക്കെട്ടുകളിലാണ് വിവിധ സെഷനുകൾ ക്രമീകരിച്ചിരുന്നത്. ഡോ. ഇസാം എം. ഇസ്ഹാഖ് (ശരീഅ കൺസൾട്ടന്റ്, ബഹ്റൈൻ), ഡോ. അബ്ദുർറഹ്മാൻ അൽ തമാമി (വിദ്യാഭ്യാസ വകുപ്പ്, സുഊദിഅറേബ്യ), അബ്ദുർറഹ്മാൻ അഹ്മദ് ബജന്തോ (വമി, ദമാം), ഡോ. മുഹമ്മദ് ഉബൈദുല്ല (സീനിയർ ഇക്ണോമിസ്റ്റ്, ഐ.ഡി.ബി ജിദ്ദ), ഡോ. ജാബിർ അൽയമാനി (കിംഗ് സുഊദി യൂനിവേഴ്സിറ്റി, റിയാദ്) തുടങ്ങിയ വിദേശ പ്രതിനിധികൾ വിവിധ സെഷനുകളിൽ സംസാരിച്ചു.

സി.എച്ച് അബ്ദുർറഹീം സി.എ (ബിസിനസ് എത്തിക്സ്, ഇസ്‌ലാമിക വീക്ഷണം), ടിനി ഫിലിപ്പ് കോട്ടയം (ലോൺ കൂടാതെ എങ്ങനെ ബിസിനസ് നടത്താം), ഡോ. ഷാരീഖ് നിസാർ ബാംഗ്ലൂർ (ഇസ്‌ലാമിക് ഫിനാൻസ് സുസ്ഥിര വികസനത്തിന്), എം.എം അക്ബർ. നിച്ച് ഓഫ് ട്രൂത്ത് (സാമ്പത്തിക പ്രതിസന്ധി, ഇസ്‌ലാമിക പരിഹാരം), എം.എച്ച് ഖാട്ഖടെ മുംബൈ (ഇസ്‌ലാമിക് കാപിറ്റൽ മാർക്കറ്റ്), കെ.കെ അലി എ.ഐ.സി.എൽ (ഇസ്‌ലാമിക് ഫിനാൻസ് എൻ.ബി.എഫ്.സി മോഡൽ), എം. മെഹബൂബ് സെക്യുറ (ഇസ്‌ലാമിക് മ്യൂച്ചൽ ഫണ്ട്), മുഹമ്മദ് പാലത്ത് (ഇസ്‌ലാമിക് മൈക്രോ ഫിനാൻസ്), ഡോ. വണ്ടൂർ അബ്ദുൽഖാദിർ (വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ) എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു.

സമാപന സമ്മേളനം മുസ്‌ലിം വേൾഡ് ലീഗ് ഉപദേശകൻ ഡോ. ഖലഫ് അൽനാരി ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിക് ബാങ്കിംഗ് യാഥാർഥ്യമാക്കുന്നതിന് സമുദായ കക്ഷി ഭേദമന്യേ എല്ലാവരും പരിശ്രമിക്കണമെന്നും സർക്കാർ നിയന്ത്രണങ്ങൾ നീക്കാൻ സമ്മർദം ചെലുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പ്രഫ. യു. മുഹമ്മദ്, പ്രഫ. കെ.എം അബ്ദുർറഷീദ്, പ്രഫ. എ.കെ അബ്ദുൽ ഹമീദ്, പ്രഫ കെ. കുട്ട്യാലികുട്ടി എന്നിവർ ആശംസയർപ്പിച്ചു. ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിക്കാൻ നിയമഭേദഗതി വരുത്തുക, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോഴ്സുകൾ ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിക്കുന്ന പ്രമേയം സമ്മേളനം പാസാക്കി. ■